കേരള കാർഷിക സർവകലാശാല

ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര

കെഎയു പി .ഒ, വെള്ളനിക്കര, തൃശ്ശൂർ - 680656, Ph: 0487-2961457, e-mail: ifvka@kau.in

നം. COAVKA/5723/2025-IF-A1 തീയതി. വെള്ളാനിക്കര, 16-12-2025

## ക്വട്ടേഷൻ/ ലേല നോട്ടീസ്

വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ 77 പ്ലാവുകളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശം താഴെ പറയുന്ന നിബന്ധകൾക്ക് വിധേയമായി ക്വട്ടേഷൻ/ലേലം വഴി നൽകാൻ തീരുമാനിച്ചിരിക്കുന്നു. താല്പര്യമുള്ള വ്യക്തികൾക്ക് പങ്കെടുക്കാവുന്നതാണ്.

| ക്രമ നം. | വിളകൾ | എണ്ണം | നിരതദ്രവ്യം | വിളവെടുപ്പ് നടത്തേണ്ട കാലാവധി |
|---|---|---|---|---|
| 1. | പ്ലാവ് | 77 | Rs. 3,500/- | ക്വട്ടേഷൻ/ലേലം അംഗീകരിച്ച തിയ്യതി മുതൽ 31/08/2026 വരെ |

<u>നിബന്ധനകൾ</u>

| | |
|---|---|
| പരസ്യ ലേല തിയതി | **29/12/2025, 11.00 AM** |
| നിരതദ്രവ്യം ഒടുക്കേണ്ട സമയം | **29/12/2025, 10.30 AM** |
| താല്പര്യമുള്ളവർക്ക് ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | 29/12/2025, 10.30 AM |
| ക്വട്ടേഷൻ സമർപ്പിക്കുന്നവർ കവറിനു പുറത്ത് എഴുതേണ്ടത് | വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ പ്ലാവ് വിളവെടുപ്പിനുള്ള ക്വട്ടേഷൻ |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും, സമയവും | പരസ്യലേലത്തിന് ശേഷം |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | പ്രൊഫസർ ആന്റ് ഹെഡ് ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര, കെ.എ.യു. P O. 680656 |

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 10.30 മണിക്ക് മുമ്പായി നിരതദ്രവ്യം അടച്ചിരിക്കേണ്ടതാണ്. **നിരതദ്രവ്യം നിശ്ചിത സമയത്തിന് മുമ്പ് കെട്ടിവച്ചവരെ മാത്രമേ ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു.** നിരതദ്രവ്യം പണം/ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന ഫാം ഓഫീസിൽ അടക്കേണ്ടതാണ്.

2. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡും പാൻ കാർഡും കൊണ്ടു വരേണ്ടതാണ്.

3. നിശ്ചിത തിയ്യതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ സമർപ്പിക്കുന്നവർ തുക വളരെ വ്യക്തമായി അക്ഷരത്തിലും, അക്കത്തിലും എഴുതിയിരിക്കണം.

4. ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നവർക്കും താല്പര്യമുണ്ടെങ്കിൽ പരസ്യലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

5. മേൽ തിയതിയിൽ രാവിലെ 11 മണിക്ക് പരസ്യലേലം നടത്തുന്നതും, തുടർന്ന് ലഭിച്ചിട്ടുള്ള ക്വട്ടേഷനുകൾ തുറക്കുന്നതും, ആയതിൽ ഏറ്റവും കൂടുതൽ തുക വിളിച്ച/രേഖപ്പെടുത്തിയ ആളിന്റെ പേരിൽ, ഫാം മേധാവിക്ക് യുക്തമെന്നു തോന്നുന്ന പക്ഷം ലേലം/ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

6. ആവശ്യമെന്നുകണ്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷൻ/ലേലം അസ്ഥിരപ്പെടുത്താനോ മാറ്റി വയ്ക്കുന്നതിനോ പ്രൊഫസർ & ഹെഡിന് അധികാരമുണ്ടായിരിക്കും. മാത്രമല്ല ക്വട്ടേഷൻ/ലേലം

നിബന്ധനകൾ/വ്യവസ്ഥകൾ മാറ്റം വരുത്താനും പ്രൊഫസർ & ഹെഡിന് അധികാരമുണ്ടായിരിക്കും.

7. ലേലം/ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിച്ച് കഴിഞ്ഞാൽ ഒന്നും, രണ്ടും സ്ഥാനക്കാ രുടെ നിരതദ്രവ്യം പിടിച്ച് വെക്കുകയും ഒന്നാം സ്ഥാനക്കാരന്റെ ലേലം അംഗീകരിച്ച ശേഷം രണ്ടാം സ്ഥാനക്കാരന്റെ നിരതദ്രവ്യം തിരിച്ച് നൽകുന്നതുമാണ്.

8. ഇപ്രകാരം ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ ലേല ദിവസം തന്നെ ക്വട്ടേഷൻ/ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം അടക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും അഞ്ചു.പ്രവൃത്തി ദിവസത്തിനകം അടച്ച് രസീത് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം അയാളുടെ പേരിലുള്ള ക്വട്ടേഷൻ/ലേലം റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം കാർഷിക സർവകലാശാല യുടെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.

9. മുഴുവൻ ലേല തുകയും ഓഫീസിൽ അടച്ചതിനുശേഷം രസീത് ഹാജരാക്കിയാൽ മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളു.

10. ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ നിരതദ്രവ്യമായ 3,500/- രൂപ, പരാതികൾ ഇല്ലാത്ത പക്ഷം, ചക്കയുടെ വിളവെടുപ്പ് കാലാവധി കഴിഞ്ഞതിനുശേഷം (31/08/2026 നു ശേഷം), തിരികെ നൽകുന്നതായിരിക്കും.

11.ഫാമിലുള്ള പ്ലാവുകളിൽ 77 എണ്ണം മാത്രമാണ് വിളവെടുക്കുന്നതിനായി നൽകിയിട്ടുള്ളത്. മറ്റു പ്ലാവുകളിലെ വിളവെടുക്കുന്നതിന് ലേലം കൊണ്ടയാൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

12.ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി വിളയുടെ ഗുണനിലവാരവും, എണ്ണവും ഓഫീസ് സമയങ്ങളിൽ ഫാം ഉദ്യോഗസ്ഥരുടെ അനുവാദത്തോടുകൂടി നേരിൽ കണ്ട് ബോധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ലേലത്തിനുശേഷം ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

13. ഫാം സൂപ്രണ്ടിന്റെ അനുവാദത്തോടെ, പ്രവൃത്തി ദിവസങ്ങളിൽ, പ്രവർത്തി സമയത്ത് മാത്രമേ ചക്ക വിളവെടുക്കുവാൻ അനുവദിക്കുകയുള്ളു. ഓരോ ദിവസവും വിളവെടുക്കുന്ന ചക്ക **4.00 PM** ന് മുമ്പായി ഫാമിൽ നിന്നും ഔട്ട് പാസ് വാങ്ങി കൊണ്ടു പോകേണ്ടതാണ്. (ഫാമിൽ സൂക്ഷിക്കാൻ അനുവദിക്കുന്നതല്ല). ഓരോ പ്ലാവിൽ നിന്നും പറിക്കുന്ന ചക്കയുടെ വിവരങ്ങൾ ഹാർവെസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്.

14.ലേലക്കാരനും വിളവെടുപ്പിന് നിയോഗിക്കുന്ന എല്ലാ തൊഴിലാളികളും ഫാമിൽ നിന്നു നൽകുന്ന പാസ്സുകൾ കൈവശം വെച്ചിരിക്കേണ്ടതും, അധികാരപ്പെട്ടവർ പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. വിളവെടുപ്പിന് നിയോഗിക്കുന്ന തൊഴിലാളികളുടെ എണ്ണം ഫാം സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

15.നഴ്സറി ആവശ്യത്തിനായി മേൽ വിളകളിൽ നിന്നും ഗ്രാഫ്റ്റിംങ്/ലെയറിങ് ചെയ്യുന്നതിന് കമ്പുകളെടുക്കുവാൻ ഫാമിന് അവകാശമുണ്ടായിരിക്കും.

16.വിളവെടുപ്പ് നടത്തുമ്പോൾ ഫാമിൽ ഏതെങ്കിലും രീതിയിൽ നാശനഷ്ടമുണ്ടാക്കുന്നപക്ഷം ഫാമിൽ നിന്നും നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകേണ്ടതാണ്. ലേല നിബന്ധനകളിൽ ഏതെങ്കിലും വീഴ്ച വരുത്തിയാൽ, മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദാകുന്നതിനും, ലേലം കൊണ്ട വ്യക്തി അടച്ച മുഴുവൻ തുകയും (നിരതദ്രവ്യം ഉൾപ്പെടെ) യൂണിവേഴ്സിറ്റിയിലേക്ക് മുതൽ കൂട്ടുന്നതിനും, നഷ്ടപരിഹാരം ഈടാക്കുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും പ്രൊഫസർ & ഹെഡിന് അധികാരമുണ്ടായിരിക്കും.

17.ക്വട്ടേഷൻ/ലേലം കൊണ്ട വ്യക്തി മേൽപ്പറഞ്ഞ ക്വട്ടേഷൻ/ലേലം നിബന്ധനകൾ അടങ്ങിയ ഉടമ്പടി **Rs. 200/-** രൂപ മുദ്രപത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുമ്പായി നൽകേണ്ടതാണ്.

18. ലേലം കൊണ്ട വ്യക്തി ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമ പ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മറ്റ് നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ലേലം കൊണ്ട വ്യക്തി മാത്രമാണ്. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് ലേലം കൊണ്ട വ്യക്തി മാത്രമായിരിക്കും ഉത്തരവാദി.

19.സർക്കാർ/സർവകലാശാല ക്വട്ടേഷൻ/ടെൻഡർ നിബന്ധനകൾ എല്ലാം തന്നെ ഈ ക്വട്ടേഷനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ (10 AM മുതൽ 4.30 PM വരെ) നേരിട്ടോ, 0487-2961457 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

**Dr. ANITHA S**

**Professor & Head**

സ്വീകർത്താവ് :- കെ.എ.യു. വെബ് സൈറ്റ്, നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം), എ.ആർ.എസ്. മണ്ണുത്തി, ആറ്റിക്, മണ്ണുത്തി, സെൻട്രൽ നഴ്സറി, വെള്ളാനിക്കര, കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളാനിക്കര, പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ, ബ്ലോക്ക് ഓഫീസ്, ഒല്ലൂക്കര,
ഫെയ്സ് ബുക്ക് പേജ്, ഐ.എഫ്.വെള്ളാനിക്കര

പകർപ്പ് :- ഷൈജു ഡി. ഒല്ലേക്കാട്ട്, ഫാം സൂപ്രണ്ട്

